(ബി) കണ്ണൂർ ജില്ലയിൽ 15 കളിസ്ഥലങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കളിസ്ഥലങ്ങളുടെ പേരുവിവരവും അനുവദിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) പുതിയ പദ്ധതികൾ ഇപ്പോൾ ആലോചനയിലില്ല.

പഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി

128 [1961] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പന്തളം മണ്ഡലത്തിൽപ്പെട്ട ചുനക്കര പഞ്ചായത്തിൽ ഒരു പൊതു സ്റ്റേഡിയം പണിയുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി 1-4-2005 മുതൽ കേന്ദ്ര സർക്കാർ നിർത്തിവച്ചിരിക്കുകയാണ്.

(ബി) & (സി) കേന്ദ്രാവിഷ്കൃത പദ്ധതി 1-4-2005 മുതൽ നിർത്തലാക്കിയതിനാൽ ചുനക്കര പഞ്ചായത്തിൽ പൊതു സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള അപേക്ഷ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പരിഗണിക്കുവാൻ നിർവ്വാഹമില്ല. ഇക്കാര്യം ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിലിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പഠനസഹായം

129 [1962] *ശ്രീ. ടി. എം. ജേക്കബ്:*
„ *ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളിൽ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സഹായങ്ങളോ ഫീസോ സർക്കാർ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം പഠനം നിലച്ചുപോവുകയും തദ്വാര അനുഗ്രഹീതരായ സ്പോർട്സ്മാൻമാരെ സംസ്ഥാനത്തിന് നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതി ഒഴിവാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) പ്രഗത്ഭരായ കായിക താരങ്ങളെ കേരളത്തിൽ തന്നെ നിലനിർത്തുന്നതിന് ഇപ്പോൾ തന്നെ പല നടപടികളും നിലവിലുണ്ട്. സർക്കാർ സർവ്വീസിൽ വർഷംതോറും പ്രഗത്ഭരായ 20 കായിക താരങ്ങൾക്ക് ജോലി നൽകി വരുന്നു. കൂടാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെ. എസ്. ഇ. ബി., കെ. എസ്. ആർ. ടി. സി., കെൽട്രോൺ തുടങ്ങിയവയും കായിക താരങ്ങൾക്ക് ജോലി നൽകിവരുന്നുണ്ട്. ഇതുകൂടാതെ ക്ലാസ്സ് 3, ക്ലാസ്സ് 4 ജോലികളിലേക്ക് പി. എസ്. സി. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ കായിക താരങ്ങൾക്ക് പ്രത്യേക ഗ്രേസ് മാർക്ക് നൽകി വരുന്നു.

അന്തർദ്ദേശീയ, ദേശീയ മത്സരങ്ങളിൽ വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. മികച്ച കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടത്തുന്ന സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിലും മറ്റ് സ്പോർട്സ് ഹോസ്റ്റലുകളിലും എല്ലാ ചെലവുകളും നൽകി പരിശീലിപ്പിച്ചുവരുന്നു. മികച്ച കായിക താരങ്ങൾക്ക് പരിശീലനത്തിനായി സ്കോളർഷിപ്പുകളും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly